# GOVERNMENT OF KERALA

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണം – ഇലക്ട്രിക്/നെറ്റ്‌വർക്കിംഗ് പണികൾ ജില്ലാടിസ്ഥാനത്തിൽ നടത്തുന്നതിന് കോൺട്രാക്റ്റർമാരെ തെരഞ്ഞെടുക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയം ഭരണ (ഐ.ബി) വകുപ്പ്

സ.ഉ.(സാധാ) നം.89/2008/തസ്വഭവ　　　　　　　　തിരുവനന്തപുരം, തീയതി : 08.01.2008

പരാമർശം :–
1. 01.06.2007–ലെ 23235/ഐ.ബി2/07/തസ്വഭവ നമ്പർ സർക്കുലർ
2. 25.06.2007–ലെ സ.ഉ.(എം.എസ്) നം.168/07/തസ്വഭവ.
3. 17.10.2007–ലെ സ.ഉ.(എം.എസ) നം.240/07/തസ്വഭവ
4. ഐ.കെ.എം.എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടറുടെ 22.11.2007–ലെ ഐ.കെ.എം/പി.& ഡബ്ള്യൂ/616/07–08 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം 1–ലെ സർക്കാർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. പരാമർശം 2–ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഹാർഡ്‌വെയറും കമ്പ്യൂട്ടറുകളും വാങ്ങുന്നതിന് അനുമതി നലകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം 3–ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കന്നതിനും ജില്ലാ തലത്തിലുള്ള കമ്മിറ്റി രൂപീകരിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളിൽ ഇലക്ട്രിക്/നെറ്റ്‌വർക്ക് പണികൾ അടിയന്തിരമായി ചെയ്തു തീർക്കുന്നതിലേയ്ക്ക് ബന്ധപ്പെട്ടവരെ സഹായിക്കുകയെന്ന ഉദ്ദേശത്തോടെ പരിചയ സമ്പന്നരും യോഗ്യരുമായ കോൺട്രാക്ടേഴ്സിനെ ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കണമെന്ന് പരാമർശം 4 ലെ കത്തിലൂടെ ഐ.കെഎം. സർക്കാരിനോട് അഭ്യർത്ഥിച്ചു.

സർക്കാർ ഈ ആവശ്യം പരിശോധിക്കുകയും അനുബന്ധ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോൺട്രാക്ടേഴ്സിന്റെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ/നെറ്റ്‌വർക്കിംഗ് പ്രവർത്തികൾ

31.03.2008 നകം ചെയ്തു തീർക്കുന്നതിലേയ്ക്കായി ഉപയോഗിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എസ്.സുരേന്ദ്രൻ**
**ജോയിന്റ് സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്കടർ, ഇൻഫർമേഷൻ കേരള മിഷൻ,
പാങ്ങപ്പാറ പി.ഒ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും, (പഞ്ചായത്ത് ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്ക്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/അഡിറ്റ്) തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**